പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2648 | 10.12.2014- ൽ മറുപടിക്ക് |

## മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർക്കുന്നത് തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം നടത്തുന്ന മത്സ്യങ്ങളിൽ ഏറിയഭാഗവും ആരോഗ്യത്തിന് ഹാനികരമാകുന്ന രാസപദാർത്ഥങ്ങൾ ചേർത്തതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന മത്സ്യത്തിൽ ഫോർമാലിൻ കലർത്താറുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | മത്സ്യങ്ങളിൽ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സംസ്ഥാനത്ത് എന്ത് സംവിധാനമാണ് നിലവിലുള്ളത്; | ബി) | ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വിപണികളിൽ നിന്ന് ശേഖരിക്കുന്ന മത്സ്യത്തിന്റെ സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിക്കുവാൻ സംവിധാനമുണ്ട് കൂടാതെ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന Central Institute of Fisheries Technologoy (CIFT)-ലും ഈ പരിശോധനാ സംവിധാനം ലഭ്യമാണ്. ടി സംവിധാനവും ആവശ്യാനുസരണം ഭക്ഷ്യസുരക്ഷാ വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. |
| സി) | മത്സ്യ മാർക്കറ്റുകളിൽ പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | മത്സ്യ മാർക്കറ്റുകൾ ഉൾപ്പെടെ പരിശോധന നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇതിനകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**